# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6737** 09.11.2016 ൽ മറുപടിയ്ക്ക്

**കേപ്പിനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിന്റെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനു (CAPE) കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ ഏതെങ്കിലും തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ; വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം കേപ്പിന്റെ കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ ഒരു തസ്തികയിലേക്കും അപേക്ഷ ക്ഷണിച്ചിട്ടില്ല. അവസാനമായി അപേക്ഷ ക്ഷണിച്ചത് 25.07.2015 തീയതിയിലെ ഇ.3/777/2014/കേപ്പ് നമ്പർ വിജ്ഞാപന പ്രകാരമാണ് ഇൻസ്ട്രക്ടർ ഗ്രേഡ്-2, ട്രേഡ്സ്മാൻ, അസിസ്റ്റന്റ് ഗ്രേഡ്-2, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകളിലേക്കാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | ഏതെല്ലാം തസ്തികകളിലേക്ക് എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഇൻസ്ട്രക്ടർ ഗ്രേഡ്-2 - 536, ട്രേഡ്സ്മാൻ - 604, അസിസ്റ്റന്റ് ഗ്രേഡ്-2 - 377, ലൈബ്രേറിയൻ ഗ്രേഡ്-4 - 372 എണ്ണം അപേക്ഷകളാണ് 25.07.2015 തീയതിയിലെ ഇ.3/777/ 2014/കേപ്പ് നമ്പർ വിജ്ഞാപനമനുസരിച്ച് കിട്ടിയിട്ടുള്ളത്. |
| (സി) | ഏതെല്ലാം തസ്തികയിൽ നിയമനം നടന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് 11 (പതിനൊന്ന്) പേരെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ നിയമനം നടക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ഡി) | കേപ്പിന്റെ 22.06.2016 ൽ ചേർന്ന 155-ാമത് ഭരണസമിതി യോഗം പ്രസ്തുത റാങ്ക് ലിസ്റ്റുകൾ പുനഃപരിശോധിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ